सी एम एफ आर आइ
CMFRI

# കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടം 2018

भाकृ अनुप
ICAR

**കേരള സർക്കാരിന്റെ ഫിഷറീസ് & തുറമുഖ (ബി) വകുപ്പ് പുറത്തിറക്കിയ വിജ്ഞാപനത്തിന്റെ വിവർത്തനം**



CMFRI Pamphlet No. 62/2018

# കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടം 2018

**കേരള സർക്കാറിന്റെ ഫിഷറീസ് & തുറമുഖ (ബി) വകുപ്പ് പുറത്തിറക്കിയ വിജ്ഞാപനത്തിന്റെ വിവർത്തനം**

ICAR - CMFRI, Kochi, under the research project (SEE/GOV/34) of SEETTD jointly with Kerala State Department of Fisheries

**ജെ. മെഴ്സിക്കുട്ടി അമ്മ**
മത്സ്യബന്ധന-ഹാർബർ എൻജിനീയറിംഗും
കശുവണ്ടി വ്യവസായവും വകുപ്പു മന്ത്രി
കേരള സർക്കാർ



## സന്ദേശം

പങ്കാളിത്ത വിഭവപരിപാലനത്തിൽ അധിഷ്ഠിതമായി സമുദ്രവിഭവങ്ങളുടെ സുസ്ഥിരവും സ്ഥായിയുമായ വികസനത്തിനുവേണ്ടി 2017 ൽ കേരള സമുദ്ര മത്സബന്ധന നിയന്ത്രണനിയമം സമഗ്രമായി കേരള നിയമസഭ ഭേദഗതി ചെയ്തു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ ശുപാർശകളുടെയും സർക്കാർ ഇതിനായി നിയോഗിച്ച വിദഗ്ധസമിതി, മത്സ്യമേഖലയിലെ വിവിധ വിഭാഗങ്ങളുമായി ചർച്ചകൾ നടത്തി സ്വരൂപിച്ച അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു ഇത്തരമൊരു നിയമഭേദഗതി ഉണ്ടായത്. വിദഗ്ധർ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ത്രിതല പങ്കാളിത്ത വിഭവപരിപാലന സമിതികൾ ഈ നിയമ ഭേദഗതിയിലൂടെ യാഥാർത്ഥ്യമായി. ഈ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള ചട്ടങ്ങളും പ്രസിദ്ധീകരിച്ചു കഴിഞ്ഞു. സർക്കാർ ആവിഷ്കരിച്ച ചട്ടങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിന് ഫിഷറീസ് വകുപ്പുമായി സഹകരിച്ച് CMFRI മുന്നോട്ട് വന്നതിൽ അതീവ സന്തോഷമുണ്ട്. മത്സ്യത്തൊഴിലാളികളുടെയിടയിൽ ഈ വിഷയത്തിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഇത് സഹായകമാകും. ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

മെഴ്സിക്കുട്ടി അമ്മ

**ഡോ. എ. ഗോപാലകൃഷ്ണൻ**
ഡയറക്ടർ
ഐ.സി.എ.ആർ.- സി.എം.എഫ്.ആർ.ഐ.
എറണാകുളം നോർത്ത്, കൊച്ചി



## സന്ദേശം

സമുദ്ര വിഭവസമ്പത്തിന്റെ വർധിച്ചുവരുന്ന നിയന്ത്രണാതീതമായ ചൂഷണം,ദീർഘകാലാടിസ്ഥാനത്തിലുള്ള ഇടപെടലുകൾ വഴി നിയന്ത്രണവിധേയമാക്കി ഫിഷറീസ് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കേരള ഫിഷറീസ് ഡിപ്പാർട്മെന്റ് ഭേദഗതികൾ ചെയ്ത കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ (കേരള മറൈൻ ഫിഷറീസ് റെഗുലെഷൻ ആക്ട്) മലയാളഭാഷയിലേക്കു വിവർത്തനം ചെയ്ത് ഗുണഭോക്താക്കളിൽ എത്തിക്കുന്നതിൽ ഭാഗമാകാൻ CMFRI ക്ക് കഴിഞ്ഞതിലുള്ള സന്തോഷം ഞാൻ രേഖപ്പെടുത്തുന്നു. ഇതിന്റെ വിവർത്തനത്തിനു സഹായിച്ച CMFRI ലെ ശാസ്ത്രജ്ഞരെയും ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെയും എന്റെ ഹൃദ്യമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഈ വിവർത്തനം ഇതിന്റെ ഉദ്ദേശ്യപൂർണതയിൽ എത്തട്ടെ എന്ന് ആശംസിക്കുന്നു

ഡോ. എ. ഗോപാലകൃഷ്ണൻ

*മത്സ്യം പിടിക്കാനുള്ള അവകാശം മത്സ്യബന്ധനത്തിന്റെ സംരക്ഷണവും പരിപാലനവും ഫലപ്രദമായി ഉറപ്പുവരുത്തുന്ന വിധത്തിൽ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാനുള്ള കടമകൂടി ഉൾക്കൊള്ളുന്നു*

**എഫ്.എ.ഒ.**

*സമുദ്ര മത്സ്യ മേഖലയിൽ യന്ത്രവത്ക്കരണം കൊണ്ടുവന്ന സൗഭാഗ്യങ്ങൾ നിലനിർത്തണമെങ്കിൽ നിയന്ത്രണവത്ക്കരണം അനിവാര്യമാണ്*

**ഡോ. സി. രാമചന്ദ്രൻ**

## കേരള സർക്കാർ ഫിഷറീസ് & തുറമുഖ (ബി) വകുപ്പ് വിജ്ഞാപനം

ജി.ഒ.(പി) നമ്പർ 18/2018/എഫ് & പി.ഡി
തിരുവനന്തപുരം, തീയതി, 2018 സെപ്റ്റംബർ 1 / 1194 ചിങ്ങം 16

എസ്.ആർ.ഒ. നമ്പർ 623/2018.- 1980ലെ (1981-ലെ 10) കേരള സമുദ്രമത്സ്യബന്ധന നിയന്ത്രണ നിയമത്തിന്റെ വകുപ്പ് 24, ഉപവകുപ്പ് (1) ഉം (2) ഉം പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ചും, എസ്.ആർ.ഒ. നമ്പർ 1141/80 ൽ പ്രസിദ്ധീകരിച്ച്, 1980 നവംബർ 29 ലെ ജി.ഒ (Ms.) നമ്പർ 141/80/എഫ് & പി.ഡി പ്രകാരം ഇറക്കിയ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ, 1980 അസാധുവാക്കികൊണ്ടും, അസാധുവാക്കലിനും മുൻപ് ചെയ്യപ്പെട്ടതോ ഒഴിവാക്കപ്പെടേണ്ടിയിരുന്നതോ ആയ കാര്യങ്ങൾ മാറ്റിനിർത്തിക്കൊണ്ട്, കേരള സർക്കാർ താഴെപറയുന്ന ചട്ടങ്ങൾ ഇതിനാൽ നിർമ്മിച്ചിരിക്കുന്നു, അതായത്:-

## ചട്ടങ്ങൾ

### 1. ചുരുക്കപ്പേരും പ്രാരംഭവും.-

**(1)** ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ എന്ന് പേര് പറയാം.

**(2)** ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

### 2. നിർവ്വചനങ്ങൾ.- ഈ ചട്ടങ്ങളിൽ, സാഹചര്യങ്ങൾ മറ്റൊന്ന് ആവശ്യപ്പെടുന്നില്ലെങ്കിൽ:-

(a) "നിയമം" എന്നാൽ കേരള സമുദ്രമത്സ്യബന്ധന നിയന്ത്രണ നിയമം, 1980 (1981-ലെ 10) എന്നർത്ഥമാകുന്നു;

(b) "കൃത്രിമപാര്"എന്നാൽ കൃത്രിമമായി നിർമ്മിച്ചതും, മത്സ്യപ്രജനനവും, ആഹാരസമ്പാദനവും സുഗമമാക്കുന്നതിലേക്കായി ഒരു ഔദ്യോഗിക വിജ്ഞാപനം വഴി അടയാളപ്പെടുത്തിയതുമായ ഒരു സമുദ്രഭാഗം എന്നർത്ഥമാകുന്നു;

(c) "ഫോറം" എന്നാൽ ഈ ചട്ടങ്ങളോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം എന്നർത്ഥമാകുന്നു;

(d) "LOA" എന്നാൽ ഒരു മത്സ്യബന്ധന യാനത്തിന്റെ ആകെ നീളം എന്നർത്ഥമാകുന്നു;

(e) "യന്ത്രവൽകൃത മത്സ്യബന്ധനയാനം" എന്നാൽ യന്ത്രസഹായത്താൽ ചലിപ്പിക്കുന്നതിനും വലവലിയ്ക്കാനും സാധിക്കുന്ന ഒരു മത്സ്യബന്ധനയാനം എന്നർത്ഥമാകുന്നു;

(f) "നേവൽ ആർക്കിടെക്റ്റ്" എന്നാൽ നേവൽ ആർക്കിടെക്ചറിൽ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്ന് B.Techക്കോ, തത്തുല്യയോഗ്യതയോ കരസ്ഥമാക്കിയ വ്യക്തി എന്നർത്ഥമാകുന്നു;

(g) "വകുപ്പ്" എന്നാൽ ഈ നിയമത്തിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

### 3. മത്സ്യബന്ധനയാനത്തിൻ മേലുള്ള നിയന്ത്രണം, പരിമിതപ്പെടുത്തൽ അഥവാ നിരോധനം

**(1)** ഏതൊരു നിർദ്ദിഷ്ട സമുദ്രഭാഗത്തും താഴെപറയുന്ന ഇനത്തിലോ, ഇനങ്ങളിലോ പെട്ട മത്സ്യബന്ധനയാനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വകുപ്പ് 4 ന്റെ ഉപവകുപ്പ് (1) ന്റെ, പരിഛേദം (എ) പ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു, അതായത് :-

(a) നിർദ്ദേശിക്കപ്പെട്ട പ്രത്യേക നിറങ്ങൾ അടയാളപ്പെടുത്താത്ത മത്സ്യബന്ധനയാനം;

(b) യാനത്തിൽ പോകുന്ന തൊഴിലാളികളുടെ വിശദാംശങ്ങൾ നൽകാത്ത മത്സ്യബന്ധനയാനം;

(c) സർക്കാർ ഉത്തരവിനാൽ നിജപ്പെടുത്തിയ കാലപരിധി കഴിഞ്ഞ മത്സ്യബന്ധനയാനം;

(d) വളരെ ഉയർന്ന ആവൃത്തി മറൈൻ റേഡിയോ ഇല്ലാത്ത യന്ത്രവൽകൃത മത്സ്യബന്ധനയാനം;

(e) 20 മീറ്ററിൽ അധികം മൊത്തം നീളം (LOA) ഉള്ള മത്സ്യബന്ധനയാനം;

(f) മുൻകൂർ അംഗീകാരം നേടാത്ത പുതിയ ഇനം മത്സ്യ ബന്ധനയാനം;

(g) ഈ ചട്ടങ്ങൾ പ്രസിദ്ധീകരിച്ച തീയതിയ്ക്കു ശേഷം രജിസ്ട്രേഷൻ നേടിയ യന്ത്രവത്കൃത മത്സ്യബന്ധനയാനം:
എന്നാൽ മുൻകൂർ അംഗീകാരം നേടിയശേഷം നിലവിൽ രജിസ്ട്രേഷൻ ഉള്ള യാനത്തിനു പകരമായുള്ളതാണെങ്കിൽ, അതിനെ ഒഴിവാക്കിയിരിക്കുന്നു.

**(2)** ഏതെങ്കിലും നിർദ്ദിഷ്ട സമുദ്രഭാഗത്ത് താഴെപറയുന്ന ഇനത്തിലോ ഇനങ്ങളിലോ പെട്ട മത്സ്യബന്ധനയാനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വകുപ്പ് 4 ന്റെ ഉപവകുപ്പ് (1) ന്റെ, പരിഛേദം (എ) പ്രകാരം നിയന്ത്രിക്കപ്പെടാവുന്നതാണ്, അതായത്:-

(a) ഈ ചട്ടങ്ങളുടെ വിജ്ഞാപന തീയ്യതിയ്ക്കു മൂന്നുമാസത്തിനുശേഷം രജിസ്റ്റർ ചെയ്യപ്പെട്ട, അടുക്കള, ശൗചാലയം, ഉറക്കറ തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത യന്ത്രവത്കൃത ഇൻബോർഡ് മത്സ്യബന്ധനയാനങ്ങൾ;

(b) ഈ ചട്ടങ്ങളുടെ വിജ്ഞാപന തീയതിയ്ക്കു മൂന്നുമാസത്തിനുശേഷം, താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കും പ്രകാരമുള്ള നീളം, കുതിരശക്തി എന്നിവയെ സംബന്ധിക്കുന്ന നിബന്ധനകൾ പാലിക്കാത്ത മത്സ്യബന്ധനയാനങ്ങൾ :

**പട്ടിക**

| യാനത്തിന്റെ മൊത്തം നീളം | അനുവദനീയമായ പരമാവധി കുതിര ശക്തി |
|---|---|
| 15 - മീറ്റർ വരെ | 140 HP |
| 15 - 17.5 മീറ്റർ | 200 HP |
| 17.5 - 20.0 മീറ്റർ വരെ | 250 HP |

(c) ഈ ചട്ടങ്ങളുടെ വിജ്ഞാപന തീയ്യതി കഴിഞ്ഞ് ഒരു വർഷത്തിനു ശേഷവും പിൻതുടർന്ന് കണ്ടെത്തുന്ന ഉപകരണം അല്ലെങ്കിൽ സ്വയം പ്രവൃത്തിത തിരിച്ചറിയൽ സംവിധാനം ഇല്ലാത്ത യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങൾ;

(d) ഈ തീയ്യതിക്ക് ഒരു വർഷത്തിനുശേഷം ഹോളോ ഗ്രാഫിക് രജിസ്ട്രേഷൻ ഫലകം (HRP) ഘടിപ്പിക്കാത്ത യന്ത്രവത്കൃത മത്സ്യബന്ധന യാനം;

(e) ദിക്കറിയാനുള്ള, ജീവൻരക്ഷ, അഗ്നിശമനം എന്നിവയ്ക്കായുള്ള ഉപകരണങ്ങൾ ഇല്ലാത്ത മത്സ്യബന്ധനയാനം;

(f) അംഗീകൃത സ്രാങ്കോ, എൻജിൻ ഡ്രൈവറോ ഇല്ലാത്ത മത്സ്യബന്ധന യാനം;

(g) 18 വയസ്സിൽ താഴെപ്രായമുള്ള ജീവനക്കാരൻ ഉള്ള മത്സ്യബന്ധനയാനം;

(h) ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത മത്സ്യബന്ധനയാനം;

(i) ഈ ചട്ടങ്ങളുടെ വിജ്ഞാപന തീയ്യതി കഴിഞ്ഞ് അഞ്ചുവർഷത്തിനുശേഷം മറൈൻ പ്ലൈവുഡ്ഡിൽ നിർമ്മിച്ച മത്സ്യബന്ധനയാനം.

**(3)** കൊല്ലംകോട് മുതൽ പറവൂർപൊഴിക്കര വരെ തീരത്തു നിന്ന് 30 മീറ്റർ ആഴപരിധിക്കും പറവൂർ പൊഴിക്കര മുതൽ ബെങ്കാരമഞ്ചേശ്വരം വരെ തീരത്തുനിന്ന് 20 മീറ്റർ ആഴപരിധിക്കും ഇടയിലുള്ള ഏത് നിർദ്ദിഷ്ട സമുദ്രഭാഗത്ത് മത്സ്യബന്ധനം നടത്തുന്നതിൽ നിന്ന് യന്ത്രവൽകൃതയാനത്തെ വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (എ) പ്രകാരം നിരോധിച്ചിരിക്കുന്നു.

**(4)** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽനിന്നുള്ള സാധുതയുള്ള ലൈസൻസ് ഇല്ലാത്ത മത്സ്യബന്ധന യാനത്തെ വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (എ) പ്രകാരം ഏതെങ്കിലും നിർദ്ദിഷ്ട സമുദ്ര പരിധിയ്ക്കുള്ളിൽ പ്രവേശിക്കുന്നതോ, മത്സ്യബന്ധനം നടത്തുന്നതോ നിരോധിച്ചിരിക്കുന്നു: എന്നാൽ ലൈസൻസ് ഇല്ലാത്ത യാനത്തിന് പ്രതിവർഷം 50,000 രൂപ കൊടുത്ത് കരസ്ഥമാക്കാവുന്ന പ്രത്യേക മുൻകൂർ അനുവാദം ഉപയോഗിച്ച് തുറമുഖങ്ങളിലേയോ, ഹാർബറുകളിലെയോ പ്രഖ്യാപിക്കപ്പെട്ട പ്രവേശന ചാലിലൂടെ കടന്നുപോകാവുന്നതാണ്. എന്നാൽ ഇത്തരം മത്സ്യബന്ധന യാനം സ്വയം പ്രവൃത്തിത തിരിച്ചറിയൽ സംവിധാനം അല്ലെങ്കിൽ യാന ട്രാക്കിംഗ് ഉപകരണം ഘടിപ്പിച്ചതും, വളരെ ഉയർന്ന ആവൃത്തി മറൈൻ റേഡിയോ ഉള്ളതും രജിസ്ട്രേഷൻ ഉള്ളതും ആയിരിക്കണം: എന്നാൽ, അപകടഘട്ടങ്ങളിൽ ഒരു മത്സ്യബന്ധനയാനത്തിന് നിർദ്ദിഷ്ട സമുദ്രഭാഗത്തുകൂടിയുള്ള സഞ്ചാരത്തിന് മേൽപറഞ്ഞ ഉപചട്ടം തടസ്സമാകുകയില്ല.

### 4. മത്സ്യബന്ധന ഉപകരണത്തിൻമേലുള്ള നിയന്ത്രണം

**(1)** ഏതെങ്കിലും നിർദ്ദിഷ്ട സമുദ്രഭാഗത്ത് താഴെപറയുന്ന മത്സ്യബന്ധന ഉപകരണങ്ങൾ വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (ഡി) പ്രകാരം നിരോധിച്ചിരിക്കുന്നു:-

(a) പെഴ്സിൻ വല;

(b) ഉപരിതല ട്രോൾവല (Pelagic Trawl);

(c) മധ്യ ജല ട്രോൾ വല (Mid Water Trawl);

(d) ബുൾ ട്രോൾ വല അഥവാ പെയർ ട്രോൾ വല;

(e) മുൻകൂർ അംഗീകാരമില്ലാത്ത പുതിയ മത്സ്യബന്ധനവല.

(2) വകുപ്പ് 4 ഉപവകുപ്പ് (2) ൽ പരാമർശിക്കപ്പെട്ട സംഗതികളുടെ വെളിച്ചത്തിൽ ഏതെങ്കിലും നിർദ്ദിഷ്ട സമുദ്രഭാഗത്ത്അടിത്തട്ട്ട്രോൾവലഉപയോഗിച്ചുള്ള മത്സ്യബന്ധനം സൂര്യാസ്തമനം മുതൽ സൂര്യോദയം വരെ, വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (ഡി) പ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു.

(3) ഏതെങ്കിലും നിർദ്ദിഷ്ട സമുദ്രഭാഗത്ത് താഴെപറയുന്ന മത്സ്യബന്ധന ഉപകരണങ്ങളുടെ ഉപയോഗം സർക്കാർ ഉത്തരവിൻപ്രകാരമുള്ള കാലയളവിലേയ്ക്ക് വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (ഡി) പ്രകാരം നിരോധിക്കപ്പെടാവുന്നതാണ്, അതായത്:-

(a) റിംഗ് സീൻ;

(b) അടിത്തട്ട് ട്രോൾ.

(4) ഏതെങ്കിലും നിർദ്ദിഷ്ട സമുദ്രഭാഗത്തുള്ള കൃത്രിമപാരിൽ കൈവലി ചൂണ്ട ഉപയോഗിച്ചുള്ള മത്സ്യബന്ധനം അല്ലാതെ മറ്റെല്ലാതരം മത്സ്യബന്ധന ഉപകരണങ്ങളും, വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (ഡി) പ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു.

(5) ഏതെങ്കിലും നിർദ്ദിഷ്ട സമുദ്രഭാഗത്ത് താഴെ പട്ടികയിൽ നൽകിയിരിക്കുന്ന ഇനം, വലിപ്പം, കണ്ണിവലിപ്പം എന്നീ അളവുകൾ പ്രകാരമല്ലാത്ത ട്രോൾ വല, സീൻ വല, ഗിൽ വല, ഒഴുക്കുവല എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (ഡി) പ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു, അതായത്:-

### പട്ടിക

| വല/ഉപകരണം | പ്രാദേശികനാമം | കുറഞ്ഞ കണ്ണിവലിപ്പം (മി.മീ) | കണ്ണി ഇനം | പരമാവധി വലിപ്പം (തൂക്കുനീളവും ഇറക്കവും) |
|---|---|---|---|---|
| **ട്രോൾ വലകൾ** | | | | |
| മീൻ/കണവ ട്രോൾ വല | ട്രോൾവല | 35 | ചതുരം | |
| ചെമ്മീൻ ട്രോൾ വല | ട്രോൾവല | 25 | ചതുരം | |
| **സീൻവല** | | | | |
| നെത്തോലി സീൻവല | നെത്തോലിവല | 10 | ഡയമണ്ട് | 250മീ X 50മീ |
| മത്തി/അയല സീൻ വല | ചാളവല | 22 | ഡയമണ്ട് | 600മീ X 60മീ |
| **ഗിൽവല/ഡ്രിഫ്റ്റ് (ഒഴുക്ക്) വല** | | | | |
| മത്തിവല | മത്തിവല/ ചാളവല | 33 | ഡയമണ്ട് | 2000മീ X 10മീ |
| അയലവല | അയലവല | 50 | ഡയമണ്ട് | 2000മീ X 10മീ |
| നെയ്മീൻവല | അയക്കൂറവല/ നെയ്മീൻവല | 104 | ഡയമണ്ട് | 5000മീ X 18മീ |
| ആവോലി വല | ആവോലിവല | 126 | ഡയമണ്ട് | 5000മീ X 18മീ |
| കൊഞ്ചുവല | കൊഞ്ചുവല/ ചെമ്മീൻവല | 38 | ഡയമണ്ട് | 2000മീ X 10മീ |
| ചൂര വല | ചൂരവല | 80 | ഡയമണ്ട് | 5000മീ X 18മീ |
| കോരവല | കോരവല | 40 | ഡയമണ്ട് | 2000മീ X 10മീ |

## 5. മത്സ്യബന്ധനയാനത്തിന്റെയും മത്സ്യബന്ധന ഉപകരണത്തിന്റേയും നിർമ്മാണം, സൂക്ഷിക്കൽ, ഗതാഗതം എന്നിവയുടെ മേലുള്ള നിയന്ത്രണം

(1) ചട്ടം 3 ഉപചട്ടം (2) ഘടകം (എ) ലും (ബി) ലും ഉള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടുള്ള മത്സ്യബന്ധന യാനത്തിന്റെ നിർമ്മാണം, സൂക്ഷിക്കൽ, ഗതാഗതം എന്നിവ വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (ഇ) പ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു.

(2) ചട്ടം 4 ന്റെ ഉപചട്ടം (1)നും (5)നും വിരുദ്ധമായി, മത്സ്യബന്ധന ഉപകരണത്തിന്റെ നിർമ്മാണം, സൂക്ഷിക്കൽ, ഗതാഗതം എന്നിവ വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (ഇ) പ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു.

## 6. വിനാശകരമായ മത്സ്യബന്ധന രീതിയുടെ നിരോധനം.-

(1) ഏതെങ്കിലും നിർദ്ദിഷ്ട സമുദ്രഭാഗത്ത് താഴെപറയുന്ന രീതിയിൽ ഉള്ള വസ്തു അഥവാ സാമഗ്രികൊണ്ടുള്ള മത്സ്യബന്ധനം വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (എഫ്) പ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു, അതായത്:-

(a) ഡൈനമൈറ്റ് അഥവാ മറ്റുള്ള സ്ഫോടക വസ്തുക്കൾ

(b) വിഷം അഥവാ മാരക രാസവസ്തുക്കൾ

(c) ആകെ 12 വോൾട്ടിൽ കൂടുതൽ വരുന്ന കൃത്രിമവെളിച്ചം

(2) ഏതെങ്കിലും നിർദ്ദിഷ്ട സമുദ്രഭാഗത്ത് താഴെപറയുന്ന വസ്തു അഥവാ സാമഗ്രി ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും മത്സ്യബന്ധന ഉപകരണമോ, മത്സ്യാകർഷണ ഉപകരണമോ വകുപ്പ് 4 ഉപവകുപ്പ് (1) പരിഛേദം (എഫ്) പ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു, അതായത്:-

(a) കൊതുമ്പ്, തൊണ്ട്, ഇല അഥവാ ഏതെങ്കിലും സസ്യഭാഗങ്ങൾ;

(b) പ്ലാസ്റ്റിക് വസ്തുക്കൾ; (c) ഉപയോഗശൂന്യമായ വല;

(d) ഗസറ്റിലൂടെ വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റ് ഏതെങ്കിലും വസ്തു.

## 7. മത്സ്യബന്ധന യാനത്തിന്റെ രജിസ്ട്രേഷൻ.-

(1) രജിസ്ട്രേഷനു വേണ്ടിയുള്ള ഓരോ അപേക്ഷയും മെർച്ചന്റ് ഷിപ്പിംഗ് (ഇന്ത്യൻ മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ) നിയമങ്ങൾ, 1988 പ്രകാരം നിർദ്ദേശിക്കപ്പെട്ട ഫോറത്തിൽ പൂരിപ്പിച്ച് താഴെക്കൊടുക്കുന്ന പട്ടികയിലെ കോളം (1) പ്രകാരം ഓരോ വിഭാഗത്തിനും കോളം (2) ൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്.

### പട്ടിക

| മൊത്തം നീളം അനുസരിച്ചുള്ള മത്സ്യബന്ധന യാന വിഭാഗം | ഫീസ് തുക (രൂപ) |
|---|---|
| (1) | (2) |
| 5 മീറ്ററിൽ താഴെ | 100 |
| 5 - 9.99 മീറ്റർ | 300 |
| 10 -14.99 മീറ്റർ | 2,500 |
| 15 -19.99 മീറ്റർ | 10,000 |
| 20 -24.99 മീറ്റർ | 25,000 |
| 25 മീറ്ററോ അതിൽ അധികമോ | 50,000 |

(2) ഉപചട്ടം (1) പ്രകാരം ഒരു അപേക്ഷ കൈപ്പറ്റി അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന അന്വേഷണം നടത്തിയതിന് ശേഷം, മത്സ്യബന്ധനയാനത്തിന് രജിസ്ട്രേഷൻ നൽകുകയോ ഒരു ഉത്തരവുപ്രകാരം നിരസിക്കുകയോ ചെയ്യേണ്ടതാണ്. അത്തരം രജിസ്ട്രേഷൻ നിരസിക്കലോ അനുവദിക്കലോ അപേക്ഷ കൈപ്പറ്റിയ തീയ്യതി മുതൽ ഒരു മാസത്തിനുള്ളിൽ ചെയ്യേണ്ടതാണ്.

(3) രജിസ്ട്രേഷനുവേണ്ടി സമർപ്പിച്ച അപേക്ഷ നിരസിക്കുന്ന പക്ഷം, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അതിനുള്ള കാരണങ്ങൾ എഴുതി രേഖപ്പെടുത്തുകയും, അതിന്റെ പകർപ്പ് നിരസിച്ചുകൊണ്ടുള്ള ഉത്തരവിനോടൊപ്പം അപേക്ഷകന് നൽകേണ്ടതുമാണ്.

(4) രജിസ്ട്രേഷനുള്ള അപേക്ഷ നിരസിക്കപ്പെടാത്തപക്ഷം മെർച്ചന്റ് ഷിപ്പിംഗ് (ഇന്ത്യൻ മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ) നിയമങ്ങൾ 1988 പ്രകാരമുള്ള ഒരു രജിസ്ട്രേഷൻ സാക്ഷ്യപത്രം അനുവദിക്കേണ്ടതാണ്.

(5) അനുവദിച്ച് നൽകപ്പെട്ട ഓരോ രജിസ്ട്രേഷൻ സാക്ഷ്യപത്രത്തിന്റെയും വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഫോറം 1 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(6) ഓരോ യാനത്തിനും, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിച്ച് നൽകുന്ന അടയാളവും, പേരും, പ്രസ്തുത യാനത്തിന്റെ മുൻപിലും പിൻപിലും ഇരുവശങ്ങളിലായി പതിപ്പിച്ച് പ്രദർശിപ്പിക്കേണ്ടതാണ്.

## 8. മത്സ്യബന്ധനത്തിനുള്ള ലൈസൻസ്

(1) ലൈസൻസ് നിബന്ധനകളുടെ പൂർത്തീകരണത്തിനായി വകുപ്പ് 6 പ്രകാരം മത്സ്യബന്ധനത്തിന്റെ ലൈസൻസിനുവേണ്ടിയുള്ള ഓരോ അപേക്ഷയും ഫോറം 2 അനുസരിച്ചും താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം നിശ്ചയിക്കപ്പെട്ട തുകയോടും നിരതദ്രവ്യത്തോടും കൂടിയുമാണ് സമർപ്പിക്കേണ്ടത്.

### പട്ടിക

| മൊത്തം നീളം അനുസരിച്ചുള്ള മത്സ്യബന്ധനയാന വിഭാഗം | തുക (രൂപ) | നിരതദ്രവ്യ തുക (രൂപ) |
|---|---|---|
| (1) | (2) | (3) |
| 5 മീറ്ററിൽ താഴെ | ഇല്ല | ഇല്ല |
| 5-9.99 മീറ്റർ | 200 | ഇല്ല |
| 10-14.99 മീറ്റർ | 2,000 | 2,000 |
| 15-19.99 മീറ്റർ | 4,500 | 9,000 |

(2) ഉപചട്ടം (1) അനുസരിച്ച്, അപേക്ഷ കൈപ്പറ്റിയ, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, നിയമത്തിന്റെ വകുപ്പ് 6 ഉപവകുപ്പ് (4) പ്രകാരം വസ്തുതാ പരിശോധന നടത്തി, ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ ഒരു ഉത്തരവു മുഖേന ചെയ്യേണ്ടതാണ്. ലൈസൻസിന്റെ ഇങ്ങനെയുള്ള അനുമതിയോ നിരസിക്കലോ അപേക്ഷ കൈപ്പറ്റിയ തീയ്യതി മുതൽ ഒരു മാസത്തിനുള്ളിൽ നിർവ്വഹിക്കേണ്ടതാണ്. വകുപ്പ് 6 പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസ്, ഫോറം 3-ൽ ആണ് തയ്യാറാക്കേണ്ടത്.

(3) ലൈസൻസിനുള്ള അനുമതി നിഷേധിക്കപ്പെടുന്ന പക്ഷം, അതിനുള്ള കാരണങ്ങൾ എഴുതി രേഖപ്പെടുത്തേണ്ടതും അതിന്റെ പകർപ്പും, അനുമതി നിരസിക്കപ്പെട്ടതിന്റെ ഉത്തരവും അപേക്ഷകനു നൽകേണ്ടതുമാണ്. ലൈസൻസ് നിരസിക്കപ്പെട്ടാൽ നിരതദ്രവ്യമായി കെട്ടിവച്ച തുകയും ലൈസൻസ് ഫീസിന്റെ പകുതിയും അപേക്ഷകനു തിരികെ നൽകേണ്ടതാണ്.

(4) അനുവദിക്കപ്പെട്ട ഓരോ ലൈസൻസിന്റെയും വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഫോറം 4 പ്രകാരമുള്ള ഒരു രജിസ്ട്രറിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 9. രജിസ്റ്റർ ചെയ്യപ്പെട്ട മത്സ്യബന്ധന യാനത്തിന്റെ സഞ്ചാരം സംബന്ധിച്ച് നൽകേണ്ടവിവരം

(1) വകുപ്പ് 10 പ്രകാരം രജിസ്ട്രർ ചെയ്യപ്പെട്ട ഒരു മത്സ്യബന്ധനയാനം, രണ്ട് മാസത്തിൽ കൂടുതൽ സമയത്തേയ്ക്ക് ഒരു തുറമുഖ പരിധിയിൽ നിന്നും മറ്റൊരു തുറമുഖ പരിധിയിൽ കൊണ്ടുപോകുന്നതിനായി, നൽകേണ്ട വിവരം, എഴുതി തയ്യാറാക്കി രജിസ്ട്രേഡ് തപാൽ വഴിയോ, വ്യക്തിഗതമായോ അധികാരപ്പെട്ട ഉദ്യോഗസ്ഥനും, ഏത് തുറമുഖ ഭാഗത്തേയ്ക്കാണോ മാറ്റേണ്ടത്, ആ ഭാഗത്തിന്റെ അധികാരമുള്ള തുറമുഖ ഉദ്യോഗസ്ഥനും യാനം മാറ്റുന്നതിനു മുൻപേ നൽകേണ്ടതാണ്.

(2) ഇതിൽ നിന്നും വ്യത്യസ്തമായ സാഹചര്യങ്ങളിൽ, രജിസ്ട്രർ ചെയ്യപ്പെട്ട ഒരു മത്സ്യബന്ധനയാനത്തിന്റെ ഏതു തരത്തിലുള്ള സഞ്ചാരത്തെപ്പറ്റിയുള്ള വിവരം, സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന സാഗര എന്ന മൊബൈൽ ആപ്പ് വഴി, ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

## 10. രജിസ്ട്രർ ചെയ്യപ്പെട്ട മത്സ്യബന്ധനയാനത്തിന്റെ ആദായം സംബന്ധിച്ച് ഉടമ നൽകേണ്ട വിവരം

(1) രജിസ്ട്രർ ചെയ്യപ്പെട്ട ഓരോ മത്സ്യബന്ധനയാനത്തിന്റെ ഉടമയും വാർഷിക ആദായത്തിന്റെ വിവരം ചുമതലപ്പെട്ട ഉദ്യോഗസ്ഥനു ഓരോ സാമ്പത്തിക വർഷവും ജൂലൈ മാസത്തിന്റെ അവസാനത്തിനുമുൻപ് ഫോറം 5 ൽ നൽകേണ്ടതാണ്.

(2) വാർഷിക ആദായം സംബന്ധിച്ച വിവരം നൽകുന്നതിൽ മത്സ്യബന്ധനയാനത്തിന്റെ ഉടമ വീഴ്ചവരുത്തിയാൽ, നിരതദ്രവ്യമായി കെട്ടിവച്ച തുക നഷ്ടപ്പെടുന്നതിനും രജിസ്ട്രേഷൻ താത്കാലികമായി, പിൻവലിക്കുന്നതിനോ റദ്ദു ചെയ്യപ്പെടുന്നതിനോ കാരണമാകും.

## 11. മത്സ്യബന്ധനയാനം പിടിച്ചെടുക്കൽ / കണ്ടുകെട്ടൽ

(1) പിടിച്ചെടുക്കപ്പെട്ടതോ / കണ്ടുകെട്ടിയതോ ആയ ഒരു മത്സ്യബന്ധനയാനം അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൻ കീഴിൽ ആയിരിക്കുകയും ഏതെങ്കിലും ബെർത്തിംഗ് സ്ഥലത്ത് സൂക്ഷിക്കപ്പെടേണ്ടതുമാണ്. കസ്റ്റഡിയിൽ നിന്നും യാനത്തെ ബലപ്രയോഗം വഴി രക്ഷപ്പെടുത്തുന്നത് തടയുവാനായി, പിടിച്ചെടുക്കപ്പെട്ട യാനത്തിന്റെ ഇന്ധന പമ്പ്, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ മെക്കാനിക്കൽ ജോലിക്കാരുടെ സഹായത്തോടെ അഴിച്ചുമാറ്റി, ഏറ്റവും അടുത്ത ഫിഷറീസ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

(2) പിടിച്ചെടുക്കപ്പെട്ട മത്സ്യത്തിന്റെ ഒഴിവാക്കലും അതുവഴി ലഭിക്കുന്ന തുകയുടെ നിക്ഷേപവും, ചട്ടം 20 പ്രകാരം നിർവഹിക്കപ്പെടേണ്ടതാണ്.

## 12. യാനനിർമ്മാണ കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ

(1) വകുപ്പ് 9 എ യുടെ കീഴിൽ, യാനനിർമ്മാണ കേന്ദ്രത്തിന്റെ രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷ, ഫോറം-6 പ്രകാരം ആയിരിക്കേണ്ടതാണ്.

(2) ഉപചട്ടം (1) ന്റെ കീഴിൽ, യാനനിർമ്മാണ കേന്ദ്രത്തിന്റെ രജിസ്ട്രേഷനായി സമർപ്പിക്കപ്പെടുന്ന ഓരോ അപേക്ഷയോടൊപ്പം, താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരമുള്ള ഫീസും, നിരതദ്രവ്യ തുകയും നൽകേണ്ടതാണ്:

### പട്ടിക

| യാനനിർമ്മാണ കേന്ദ്രത്തിന്റെ വിഭാഗം | ഫീസ് (രൂപ) | നിരതദ്രവ്യ തുക (രൂപ) |
|---|---|---|
| (1) | (2) | (3) |
| വിഭാഗം-I (10 മീറ്റർ വരെ മൊത്ത നീളമുള്ള യാനങ്ങൾ നിർമ്മിക്കുവാൻ കഴിവുള്ളവ) | 1000 | 5000 |
| വിഭാഗം- II (15 മീറ്റർ വരെ മൊത്തം നീളമുള്ള യാനങ്ങൾ നിർമ്മിക്കാൻ കഴിവുള്ളവ) | 5000 | 25000 |
| വിഭാഗം- III ഏതിനം മത്സ്യബന്ധന യാനങ്ങളും നിർമ്മിക്കുവാൻ കഴിവുള്ളവ | 10000 | 50000 |

(3) രജിസ്ട്രേഷനുവേണ്ടിയുള്ള ഓരോ അപേക്ഷയ്ക്കും ഒപ്പം സ്ഥല ഉടമസ്ഥാവകാശ സാക്ഷിപത്രത്തിന്റെയോ, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ കുറഞ്ഞത് 5 വർഷമെങ്കിലും കാലാവധിയുള്ള സ്ഥലം പാട്ട കരാറിന്റേയോ പകർപ്പ് സമർപ്പിക്കേണ്ടതാണ്.

(4) അഗ്നിശമന വിഭാഗം, വൈദ്യുതി ഇൻസ്പെക്ടറേറ്റ്, പ്രാദേശിക ഭരണസ്ഥാപനങ്ങൾ, തൊഴിൽ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവയിൽ നിന്നുള്ള എല്ലാ നിയമപരമായ നടപടിക്രമങ്ങളും പൂർത്തീകരിച്ചു കൊള്ളാമെന്നും, യാനനിർമ്മാണകേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപ് മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചുകൊള്ളാമെന്നും ഉറപ്പുവരുത്തുന്ന ഒരു വാഗ്ദാനപത്രം യാനനിർമ്മാണ കേന്ദ്രത്തിന്റെ ഉടമ അപേക്ഷക്കൊപ്പം സമർപ്പിക്കേണ്ടതാണ്.

(5) ഈ ചട്ടപ്രകാരം അപേക്ഷ സ്വീകരിച്ച്, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന രീതിയിൽ അന്വേഷണം നടത്തി, ഫോറം-7 പ്രകാരമുള്ള രജിസ്ട്രേഷൻ സാക്ഷ്യപത്രം കൊടുത്ത് യാനനിർമ്മാണ കേന്ദ്രം രജിസ്റ്റർ ചെയ്യുകയോ, ഒരു ഉത്തരവോടുകൂടി അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അനുവദിക്കുന്നതോ നിരസിക്കുന്നതോ ആയ തീരുമാനം അപേക്ഷ കൈപ്പറ്റി ഒരു മാസത്തിനകം എടുക്കേണ്ടതാണ്.

(6) വകുപ്പ് 9 എ ഉപവകുപ്പ് (5) പ്രകാരം രജിസ്ട്രേഷൻ അനുവദിക്കുന്നതോ, നിരസിക്കുന്നതോ സംബന്ധിച്ച് തീരുമാനം എടുക്കുമ്പോൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ താഴെപറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്, അതായത്:

(a) യാനനിർമ്മാണ കേന്ദ്രത്തിന് കുറഞ്ഞത് 5 സെന്റ് എങ്കിലും സ്ഥലം ഉണ്ടായിരിക്കണം;

(b) യാനനിർമ്മാണ കേന്ദ്രത്തിന്റെ ഉടമ, യാനത്തിന്റെ ഉപയോഗലക്ഷ്യവും, ഉപയോഗ രീതിയും ഫോറം-8 ൽ വെളിപ്പെടുത്തേണ്ടതാണ്;

(c) യാനനിർമ്മാണ കേന്ദ്രത്തിൽ അഗ്നിസുരക്ഷാ സംവിധാനവും പ്രഥമശുശ്രൂഷ സംവിധാനവും സജ്ജമാക്കിയിരിക്കണം;

(d) യാനനിർമ്മാണ കേന്ദ്രത്തിന്റെ ഉടമ, മൂന്നാം കക്ഷിയുടെ ജീവന് ഇൻഷുറൻസ് പരിരക്ഷ കരസ്ഥമാക്കിയിരിക്കണം.

(7) ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ യാനനിർമ്മാണ കേന്ദ്രത്തിന് നൽകുന്ന രജിസ്ട്രേഷൻ നമ്പറും അടയാളവും, താഴെപറയുന്ന രീതിയിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് യാനനിർമ്മാണകേന്ദ്രത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

### KL 01 – FBY – 01

കുറിപ്പ് :- 1. മുകളിൽ കൊടുത്തിരിക്കുന്ന രജിസ്ട്രേഷൻ നമ്പറിലെ, അക്ഷരങ്ങളും, അക്കങ്ങളും സൂചിപ്പിക്കുന്നതെന്തെന്ന് താഴെ വിശദീകരിച്ചിരിക്കുന്നു.

KL - കേരളം, 01- തിരുവനന്തപുരം ജില്ല, FBY - മത്സ്യബന്ധനയാന നിർമ്മാണ കേന്ദ്രം, 01- രജിസ്ട്രേഷൻ ക്രമനമ്പർ,

2. അക്കങ്ങളും, അക്ഷരങ്ങളും കറുപ്പ് നിറത്തിലും പശ്ചാത്തലപ്രതലം മഞ്ഞനിറത്തിലും ആയിരിക്കണം.

3. അക്ഷരങ്ങൾക്ക് 10സെ.മീ ഉയരവും 1.5 സെ.മീ ഘനവും ഉണ്ടായിരിക്കണം

(8) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ താൻ നൽകുന്ന ഓരോ രജിസ്ട്രേഷൻ സാക്ഷ്യപത്രവും, ഫോറം 9 പ്രകാരം രേഖപ്പെടുത്തി ഒരു രജിസ്ട്രറിൽ സൂക്ഷിക്കേണ്ടതാണ്.

## 13. യാനനിർമ്മാണ കേന്ദ്രത്തിന്റെ പ്രവർത്തനം

യാനനിർമ്മാണ കേന്ദ്രത്തിന്റെ ഓരോ ഉടമയും, നിർമ്മാണകേന്ദ്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്, അതായത് :-

(a) 15 മീറ്ററിൽ കൂടുതൽ മൊത്തനീളമുള്ള ഒരു യാനം നിർമ്മിക്കുന്നതിനു മുൻപ്, അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കണം. ഇതിനായി യാനത്തിന്റെ ഉപയോഗലക്ഷ്യവും, ഉപയോഗ രീതിയും ഉടമ രേഖാമൂലം വെളിപ്പെടുത്തിയിരിക്കണം;

(b) മത്സ്യബന്ധനയാനത്തിന്റെ കടൽ കെല്പും പ്രവർത്തനശേഷിയും സംബന്ധിച്ച രൂപകല്പന ഒരു നേവൽ ആർക്കിടെക്റ്റ് സാക്ഷ്യപ്പെടുത്തിയിരിക്കണം;

(c) ഓരോ സാമ്പത്തികവർഷത്തിന്റേയും അവസാനം ഒരു മാസത്തിനുള്ളിൽ, ഫോറം 10 - ൽ ഒരു വാർഷിക റിപ്പോർട്ട് യാനനിർമ്മാണ കേന്ദ്രത്തിന്റെ ഉടമ, അധികാരപ്പെട്ട ഉദ്യോഗസ്ഥനു നൽകേണ്ടതാണ്;

(d) ഫോറം 10-ൽ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഉടമ വീഴ്ച വരുത്തിയാൽ, ന്യായവിചാരണ ഉദ്യോഗസ്ഥന്റെ വിവേചനത്തിനനുസരിച്ച് നിരതദ്രവ്യതുകനഷ്ടപ്പെടലിനോ, രജിസ്ട്രേഷന്റെ തടഞ്ഞു വെക്കലിനോ, പിൻവലിക്കലിനോ വിധേയമാക്കപ്പെടാം;

(e) രജിസ്ട്രർ ചെയ്യപ്പെട്ട ഏതൊരു യാനനിർമ്മാണകേന്ദ്രവും മത്സ്യബന്ധനത്തിനുള്ള യാനമല്ലാതെ യാതൊരു യാനവും നിർമ്മിക്കാൻ പാടില്ല. ഇതിനു വിരുദ്ധമായ പ്രവൃത്തി, നിരതദ്രവ്യതുക നഷ്ടപ്പെടുന്നതിനോ,രജിസ്ട്രേഷന്റെ തടഞ്ഞു വയ്ക്കലിനോ, പിൻവലിക്കലിനോ കാരണമാകും.

## 14. മത്സ്യബന്ധന യാനത്തിന്റെ നിർമ്മാണം

ഏരാവ് വെയ്ക്കൽ, പലകവെയ്ക്കൽ എന്നീ ഘട്ടങ്ങൾക്കുശേഷവും മത്സ്യബന്ധനയാനനിർമ്മാണത്തിന്റെ അവസാനഘട്ടത്തിലും നേവൽ ആർക്കിടെക്റ്റ് പരിശോധന നടത്തേണ്ടതും, അംഗീകൃത പ്ലാൻ അനുസരിച്ചാണ് നിർമ്മാണം നടക്കുന്നത് എന്ന് ഉറപ്പാക്കുന്നതിനായി യാനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നൽകപ്പെടുന്ന സാക്ഷ്യ പത്രങ്ങൾ യാനനിർമ്മാണ കേന്ദ്രത്തിന്റെ ഉടമ, ഒരു രജിസ്ട്രറിൽ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്.

## 15. യാനനിർമ്മാണ കേന്ദ്ര ത്തിലെ പരിശോധന.

അധികാരപ്പെട്ട ഉദ്യോഗസ്ഥന് മുന്ന റിയിപ്പുകൾ ഒന്നും കൂടാതെ തന്നെ ഏതൊരു സമയത്തും യാനനിർമ്മാണ കേന്ദ്രത്തിൽ പ്രവേശിച്ച് പരിശോ ധന നടത്താവുന്നതും, നിശ്ചയിക്കപ്പെട്ട നിബന്ധനകൾ പാലിക്കുന്നുണ്ടോ, ഇല്ലയോ എന്ന് വിലയിരുത്താവുന്നതു മാണ്. നിബന്ധനകൾ പാലിക്കപ്പെടു ന്നില്ല, എങ്കിൽ അധികാരപ്പെട്ട ഉദ്യോ ഗസ്ഥൻ അപ്പോൾ തന്നെ നിർത്തൽ ഉത്തരവ് നൽകേണ്ടതോ, കുറവ് പരി ഹരിക്കുന്നതിനായി ഏഴുദിവസത്തെ സാവകാശം നൽകേണ്ടതോ ആണ്. നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അധികാരപ്പെട്ട ഉദ്യോ ഗസ്ഥൻ പ്രസ്തുത യാനനിർമ്മാണ കേന്ദ്രം പൂട്ടി മുദ്രവയ്ക്കേണ്ടതും, ന്യാ യവിചാരണ ഉദ്യോഗസ്ഥനു റിപ്പോർട്ട് നൽകേണ്ടതും ആകുന്നു.

## 16. രജിസ്ട്രേഷൻ പുതുക്കൽ

(1) രജിസ്ട്രേഷൻ പുതുക്കുന്നതിനായി വകുപ്പ് 9ബി പ്രകാരം തയ്യാറാക്കിയ ഓരോ അപേക്ഷയും നിലവിലുള്ള രജിസ്ട്രേഷൻ കാലാവധി അവ സാനിക്കുന്നതിന് മുൻപ് 60 ദിവസ ങ്ങൾക്കുള്ളിൽ നൽകേണ്ടതും, പുതിയ രജിസ്ട്രേഷനു ബാധകമായ നടപടി ക്രമങ്ങൾ അനുസരിക്കേണ്ടതും ആകുന്നു.

(2) അനുവദനീയ കാലാവധി അവസാ നിച്ചതിനുശേഷമാണ് പുതുക്കലിനു ള്ള അപേക്ഷ ൽകുന്നത് എങ്കിൽ ചട്ടം 12 ഉപചട്ടം (2) പ്രകാരമുള്ള ഫീസിന്റെ 50% കൂടി അധിക തുക അടയ്ക്കു ന്നപക്ഷം, അധികാരപ്പെട്ട ഉദ്യോഗ സ്ഥനു അപേക്ഷ പരിഗണിക്കാവുന്ന താണ്

## 17. മത്സ്യബന്ധനവല നിർമ്മാണ കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ

(1) വകുപ്പ് 9 ഇ യുടെ കീഴിൽ മത്സ്യബന്ധന വല നിർമ്മാണ കേന്ദ്രത്തിന്റെ രജി സ്ട്രേഷനായുള്ള ഓരോ അപേക്ഷയും ഫോറം-11 പ്രകാരം ആയിരിക്കേ ണ്ടതാണ്.

(2) ഉപചട്ടം (1)-ന്റെ കീഴിൽ, മത്സ്യബന്ധന വല നിർമ്മാണ കേന്ദ്രത്തിന്റെ രജി സ്ട്രേഷനായുള്ള ഓരോ അപേക്ഷയോടൊപ്പവും താഴെ പട്ടികയിൽ കൊടുത്തി രിക്കും പ്രകാരമുള്ള ഫീസും നിരതദ്രവ്യതുകയും കൊടുക്കേണ്ടതാണ്.

**പട്ടിക**

| മത്സ്യബന്ധന വല നിർമ്മാണ കേന്ദ്രത്തിന്റെ വിഭാഗം | ഫീസ് (രൂപ) | നിരതദ്രവ്യ തുക (രൂപ) |
|---|---|---|
| (1) | (2) | (3) |
| ചെറുത് (300 MT വരെ വാർഷിക ശേഷി) | 1,000 | 2,000 |
| വലുത് (300 MT കൂടുതൽ വാർഷിക ശേഷി) | 5,000 | 10,000 |

(3) രജിസ്ട്രേഷനുവേണ്ടിയുള്ള ഓരോ അപേക്ഷയ്ക്കും ഒപ്പം ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിന്റേയോ, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ, കുറ ഞ്ഞത് 5 വർഷം എങ്കിലും കാലാവധിയുള്ള, സ്ഥലം പാട്ട കരാറിന്റേയോ പക ർപ്പ് സമർപ്പിക്കേണ്ടതാണ്.

(4) ഈ ചട്ടപ്രകാരം അപേക്ഷ സ്വീകരിച്ച്, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന രീതിയിൽ അന്വേഷണം നടത്തി ഫോറം 12 പ്രകാരമുള്ള രജിസ്ട്രേഷൻ സാക്ഷ്യപത്രം കൊടുത്ത് മത്സ്യബന്ധന വലനിർമ്മാണ കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ അനുവദിക്കുകയോ, ഒരു ഉത്തര വോടു കൂടി അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. ഇത്തരം രജി സ്ട്രേഷൻ അനുമതി കൊടുക്കുന്നതോ, നിഷേധിക്കുന്നതോ ആയ തീരുമാനം അപേക്ഷ സ്വീകരിച്ച തീയ്യതി മുതൽ ഒരു മാസത്തിനുള്ളിൽ എടുക്കേണ്ടതാണ്.

(5) വകുപ്പ് 9 ഇ ഉപവകുപ്പ് (5) പ്രകാരം രജിസ്ട്രേഷൻ സാക്ഷ്യപത്രം അനുവ ദിക്കുന്നതോ, നിരസിക്കുന്നതോ ആയ തീരുമാനം എടുക്കുമ്പോൾ അധികാര പ്പെട്ട ഉദ്യോഗസ്ഥൻ താഴെപറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്:-

(a) വലനിർമ്മാണ കേന്ദ്രത്തിന് കുറഞ്ഞത് 5 സെന്റ് എങ്കിലും സ്ഥലം ഉണ്ടായി രിക്കണം;

(b) നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വലയുടെ കണ്ണി വലുപ്പം സംബന്ധിച്ച വിശദാം ശങ്ങൾ രേഖപ്പെടുത്തിയ ഒരു പ്രസ്താവന, വലനിർമ്മാണകേന്ദ്രത്തിന്റെ ഉടമ തയ്യാറാക്കി നൽകേണ്ടതാണ്.

(6) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിച്ചുകൊടുക്കുന്ന ഓരോ രജിസ്ട്രേ ഷൻ സാക്ഷ്യപത്രവും ഫോറം 13 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്;

(7) വല നിർമ്മാണ കേന്ദ്രത്തിന്, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്ന രജി സ്ട്രേഷൻ നമ്പറും, അടയാളവും താഴെപറയുന്ന രീതിയിൽ മത്സ്യബന്ധന വലനിർമ്മാണ കേന്ദ്രത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് പതിക്കേണ്ടതാണ്, അതായത്:-

**KL 01 – FPU – 01**

കുറിപ്പ് : 1. വലനിർമ്മാണകേന്ദ്രത്തിന് നൽകപ്പെട്ടിട്ടുള്ള രജിസ്ട്രേഷൻ നമ്പറിലെ, അക്ഷരങ്ങളും അക്കങ്ങളും സൂചിപ്പിക്കുന്നത് എന്തെന്ന് താഴെ കൊടുത്തിരി ക്കുന്നു:-

KL - കേരളം, 01 - തിരുവനന്തപുരം ജില്ല, FPU- മത്സ്യബന്ധന വല നിർ മ്മാണ കേന്ദ്രം, 01 - രജിസ്ട്രേഷൻ ക്രമ നമ്പർ

2. അക്കങ്ങളും, അക്ഷരങ്ങളും കറുപ്പ് നിറത്തിൽ മഞ്ഞ നിറത്തിലുള്ള പശ്ചാ ത്തലത്തിലാണ് പതിക്കേണ്ടത്;

3. അക്ഷരങ്ങളുടേയും അക്കങ്ങളുടേയും ഉയരം 10 സെ.മീറ്ററും ഘനം 1.5 സെ. മീറ്ററും ആയിരിക്കണം.

## 18. മത്സ്യബന്ധന വല നിർ മ്മാണ കേന്ദ്രത്തിന്റെ പരി ശോധന

അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഏത് സമയത്തും മുന്നറിയിപ്പുകൾ ഒന്നുംകൂടാതെ വലനിർമ്മാണ കേന്ദ്ര ത്തിൽ പ്രവേശിക്കുവാനും, പരി ശോധന നടത്തുവാനും, നിശ്ചയി ക്കപ്പെട്ട നിബന്ധനകൾ തൃപ്തികര മായ വിധത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിലയിരുത്തുവാനും അധികാര മുണ്ട്. നിബന്ധനകൾ തൃപ്തികരമായി പാലിക്കപ്പെടുന്നില്ല എന്നുകണ്ടാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അവിടെ വച്ചുതന്നെ നിർത്തൽ ഉത്തരവ് നൽ കുവാനോ, കുറവു പരിഹരിക്കാൻ ഏഴുദിവസത്തെ, സാവകാശം നൽകു വാനോ വേണ്ട നടപടികൾ കൈകൊ ള്ളേണ്ടതാണ്. നിബന്ധനകൾ പാലി ക്കുന്നതിൽ വീഴ്ചവരുത്തിയെന്നാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ വലനിർ മ്മാണകേന്ദ്രം പൂട്ടി മുദ്രവച്ച് അക്കാര്യം ന്യായവിചാരണ ഉദ്യോഗസ്ഥനെ അറി യിക്കേണ്ടതാണ്.

## 19. മത്സ്യബന്ധന വലനിർമ്മാ ണ കേന്ദ്രത്തിന്റെ രജിസ്ട്രേ ഷൻ പുതുക്കൽ

(1) രജിസ്ട്രേഷൻ പുതുക്കുന്നതി നായി വകുപ്പ് 9 ഇ പ്രകാരം തയ്യാ റാക്കിയ ഓരോ അപേക്ഷയും നില വിലുള്ള രജിസ്ട്രേഷൻ സാക്ഷ്യപ ത്രത്തിന്റെ കാലാവധി അവസാനി ക്കുന്നതിന് മുൻപ് 60 ദിവസങ്ങ ൾക്ക് ഉള്ളിൽ നൽകേണ്ടതും, പുതിയ രജിസ്ട്രേഷൻ സംബന്ധിച്ച നടപ ടിക്രമങ്ങൾ അനുസരിക്കേണ്ടതും ആകുന്നു.

(2) അനുവദിക്കപ്പെട്ട കാലാവധി കഴി ഞ്ഞാണ് പുതുക്കലിനുള്ള ഈ അപേക്ഷ നൽകുന്നത് എങ്കിൽ അധി കാരപ്പെട്ട ഉദ്യോഗസ്ഥന് ചട്ടം 17ന്റെ ഉപചട്ടം (2) പ്രകാരം വ്യക്തമാക്കിയി ട്ടുള്ള ഫീസിന്റെ 50% അധിക ഫീസ് വസൂലാക്കി അപേക്ഷ പരിഗണിക്കാ വുന്നതാണ്.

## 20. പിടിച്ചെടുക്കപ്പെട്ട മത്സ്യം / യാനം / മത്സ്യബന്ധന ഉപകരണം / സാമഗ്രി എന്നിവയുടെ ഒഴിവാക്കൽ

(1) പിടിച്ചെടുക്കപ്പെട്ട മത്സ്യം ഉടൻ തന്നെ ലേലംചെയ്യേണ്ടതും, ലേലത്തിൽ ലഭിച്ച തുക അടുത്ത പ്രവൃത്തി ദിവസ ത്തിനുള്ളിൽ റവന്യൂ ശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്.

(2) പിടിച്ചെടുക്കപ്പെട്ട മത്സ്യം വില്പന യോഗ്യമോ, ഭക്ഷ്യയോഗ്യമോ അല്ലെ ങ്കിൽ അവയുടെ ഇനം തിരിച്ചുള്ള തൂക്കം, മറ്റ് വിശദാംശങ്ങൾ ഉണ്ടെങ്കിൽ അവ, ഒഴിവാക്കാനുള്ള കാരണം എന്നി വരേഖപ്പെടുത്തിയശേഷം, ഉചിതമായ രീതിയിൽ ഒഴിവാക്കേണ്ടതാണ്.

(3) ഏതെങ്കിലും യാനം, മത്സ്യബന്ധന ഉപകരണം അഥവാ സാമഗ്രികൾ എന്നിവ പിടിച്ചെടുക്കപ്പെട്ടാൽ ന്യായ വിചാരണക്കുള്ള തീയ്യതി വരെ അവ കൃത്യമായ രേഖകളോടെ പ്രത്യേകം സൂക്ഷിക്കേണ്ടതും ന്യായവിചാരണ ക്കുശേഷം അവ തീരുമാനമനുസരിച്ച് വിട്ടുകൊടുക്കുകയോ, ലേലം ചെയ്യു കയോ ചെയ്യേണ്ടതും ലേലത്തിൽ ലഭിച്ച തുക റവന്യൂ ശീർഷകത്തിൽ അട ക്കേണ്ടതുമാണ്.

(4) ഏതെങ്കിലും അനധികൃത സാധ നങ്ങൾ പിടിച്ചെടുത്താൽ ബന്ധപ്പെട്ട മേഖലയിലെ ഫിഷറീഷ് ജോയിന്റ് ഡയ റക്ടറുടെ പക്കൽനിന്നും അനുമതി വാങ്ങിയശേഷം നശിപ്പിക്കേണ്ടതാണ്.

(5) യാനനിർമ്മാണ കേന്ദ്രത്തിന്റേയോ വലനിർമ്മാണ കേന്ദ്രത്തിന്റേയോ ഇ കാ ര്യത്തിൽ അവ കണ്ടുകെട്ടുന്നതും വില് ക്കുന്നതും, ബന്ധപ്പെട്ട വ്യക്തിക്ക് 14 ദിവസത്തെ ഇടവേളയ്ക്കുള്ളിൽ രണ്ടു തവണ രജിസ്റ്റർ ചെയ്ത തപാൽ വഴി അറിയിപ്പ് നൽകിയതിനുശേഷം ആയി രിക്കണം. ബന്ധപ്പെട്ട വ്യക്തി കൈപ്പ റ്റാതെ അറിയിപ്പ് തിരികെ വന്നാൽ പ്ര സ്തുത അറിയിപ്പ് നിർമ്മാണ കേന്ദ്ര ത്തിന്റെ ഏതെങ്കിലും പ്രവേശനസ്ഥാ നത്ത് പതിച്ച് വയ്ക്കേണ്ടതാണ്.

## 21. ന്യായവിചാരണ വഴി തീർ പ്പാക്കൽ

(1) വകുപ്പ് 16 നു കീഴിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും റിപ്പോർട്ട് സ്വീകരിച്ചാൽ, ന്യായവിചാരണ വഴി തീർപ്പിന് അധികാരപ്പെട്ട ഉദ്യോഗ സ്ഥൻ,ബന്ധപ്പെട്ടകക്ഷികൾക്ക്എന്തെ ങ്കിലും എതിരഭിപ്രായം ഉണ്ടെങ്കിൽ അവ ബോധിപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ടും, റിപ്പോർട്ട് കൈപ്പറ്റി 10 ദിവസ ത്തിനുള്ളിൽ നിശ്ചയിക്കപ്പെട്ട ഒരു ദി വസം വാദം കേൾക്കുവാൻ തന്റെ മുൻപിൽ ഹാജരാകുവാൻ ആവശ്യ പ്പെട്ടുകൊണ്ടുള്ള അറിയിപ്പ് നൽകേ ണ്ടതാണ്.

(2) ന്യായ വിചാരണ ഉദ്യോഗസ്ഥൻ, ബന്ധപ്പെട്ടകക്ഷികൾ തന്റെമുൻപാകെ നേരിട്ടോ, വക്കീൽ വഴിയോ ഹാജ രായി ഉന്നയിക്കുന്ന എതിർ വാദങ്ങൾ കേട്ട്, ഉചിതമായ ഉത്തരവുകൾ പുറ പ്പെടുവിക്കേണ്ടതാണ്. വാദം കേൾക്കു മ്പോഴും എതിരഭിപ്രായത്തിൽ തീ രുമാനം എടുക്കുമ്പോഴും ന്യായവിചാ രണ ഉദ്യോഗസ്ഥൻ സ്വാഭാവിക നീതി യുടെ തത്വങ്ങൾ പാലിക്കേണ്ടതാണ്.

## 22. രജിസ്ട്രേഷനോ, ലൈസ ൻസോ നിരാകരിച്ചുകൊണ്ടു ള്ള ഉത്തരവുകൾക്ക് എതി രെ അപ്പീൽ നൽകൽ.

(1) രജിസ്ട്രേഷനോ, ലൈസൻസോ നിരസിക്കൽ, തടഞ്ഞുവയ്ക്കൽ, റദ്ദാ ക്കൽ അഥവാ രജിസ്ട്രേഷനോ, ലൈ സൻസോ പുതുക്കൽ നിരസിക്കൽ എന്നിവയിൽ ഏതെങ്കിലും അറിയിച്ച് കൊണ്ട് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പുറപ്പെടുവിക്കുന്ന ഉത്തരവിൻമേ ലുള്ള പരാതി, പ്രസ്തുത മത്സ്യബന്ധന യാനത്തിന്റെ ഉടമ, പ്രസ്തുത ഉത്തരവ് കൈപ്പറ്റി 30 ദിവസങ്ങൾക്കുള്ളിൽ ബന്ധപ്പെട്ട മേഖലയിലെ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ സമക്ഷം നൽ കാവുന്നതാണ്.

(2) ഉപചട്ടം (1) പ്രകാരം അപ്പീൽ സ്വീക രിച്ച ബന്ധപ്പെട്ട മേഖലയിലെ ഫിഷറീസ് ജോയിന്റ് ഡയറക്ടർ അദ്ദേഹത്തിന് ഉചിത മെന്നുതോന്നുന്ന രീതിയിൽ അന്വേഷണം നടത്തിയശേഷം പരാതിക്കാരനും, അധി കാരപ്പെട്ട ഉദ്യോഗസ്ഥനും വാദിക്കുവാൻ അവസരം നൽകികൊണ്ട് തദനുസൃതം ഉചി തമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ട താണ്.

## 23. പിഴ.

വകുപ്പ് 17 നു കീഴിൽ, തീർപ്പാ ക്കൽ ഉദ്യോഗസ്ഥൻ ചുമത്തുന്ന പിഴ ബന്ധപ്പെട്ട വ്യക്തി 14 ദിവസത്തെ ഇടവേളയ്ക്കുള്ളിൽ രണ്ടുപ്രാവശ്യം നൽകപ്പെട്ട അറിയിപ്പിനുശേഷവും അടയ്ക്കുന്നില്ല എങ്കിൽ ബന്ധപ്പെട്ട വ്യക്തിയുടെ യാനമോ, മറ്റെന്തെ ങ്കിലും സ്ഥാവരജംഗമ വസ്തുവോ പിടിച്ചെടുത്ത്, മുദ്രവെച്ച് പൊതു ലേലം വഴി ഒഴിവാക്കി, തത്ഫലമായി ലഭിക്കുന്ന തുക ഡിപ്പാർട്ട്മെന്റിന്റെ റവന്യൂ ശീർഷകത്തിൽ ഒടുക്കേണ്ട താണ്.

**24.** നിയമത്തിന്റെ വകുപ്പ് 24 (2)(1) പ്രകാരം രേഖകളുടേയോ, ഉത്തരവു കളുടേയോ പകർപ്പുകൾ ലഭിക്കുന്ന തിന് ആവശ്യമായി നൽകേണ്ട ഫീസ് വിവരാവകാശ നിയമം, 2005 ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി രിക്കും. ഈ നിയമത്തിന്റെ കീഴിൽ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാ രസ്ഥാപനമോ നൽകുന്ന സേവനത്തി നുള്ള ഫീസ് തദനുസൃതമായ നിയമ ങ്ങൾ അനുസരിച്ചായിരിക്കും ഈടാ ക്കുക.

# വിശദീകരണ കുറിപ്പ്

(ഇത് ഈ വിജ്ഞാപനത്തിന്റെ ഭാഗമല്ലെങ്കിലും പൊതുലക്ഷ്യപ്രാപ്തിയിലേക്കായി സൂചിപ്പിക്കുന്നതാണ്)

കേരള സർക്കാർ, കേരള സമുദ്രമത്സ്യബന്ധന നിയന്ത്രണ നിയമത്തിന്റെ 1980, (1981 ലെ 10) വകുപ്പ് 24 ഉപവ കുപ്പ് (1)(2) നല്കുന്ന അധികാരം പ്രയോഗിച്ചുകൊണ്ട് 29/11/1980-ാം തീയതിയിലെ സർക്കാർ ഉത്തരവ് (Ms) നമ്പർ 141/80/എഫ് & പിഡി വഴി കേരളസമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ, 1980 പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ കേരളസമുദ്രമത്സ്യബന്ധന (ഭേദഗതി) നിയമം, 2017 (22-ാം നിയമം 2017) വഴി മാതൃനിയമത്തിൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവരികയും അനേകം പുതിയ വ്യവസ്ഥകൾ അവതരിപ്പിക്കുകയും ചെയ്തു. തൽഫലമായി നിലവിലുള്ള ചട്ടങ്ങ ളിലും തദനുസൃതമായ ഭേദഗതികൾ കൊണ്ടുവരേണ്ടിവന്നു. അതിനാൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിലേ ക്കായി നിലവിലുള്ള ചട്ടങ്ങൾ മറികടന്ന് പുതിയ ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപറഞ്ഞ ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം.

ഫോറം 1
(ചട്ടം 7 (5) കാണുക)

**മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് രേഖപ്പെടുത്താനുള്ള രജിസ്റ്റർ**

(........................................ന്റെ കാര്യാലയം)
(അധികാരപ്പെട്ട ഉദ്യോഗസ്ഥൻ)

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പറും തീയ്യതിയും | ഉടമയു(കളു)ടെ പേര്, വിലാസം, തൊഴിൽ | മത്സ്യബന്ധനയാനത്തിന്റെ വിശദാംശങ്ങൾ | | | | | യാനം പ്രവർത്തിക്കുന്ന പ്രധാന സ്ഥലം | ഫീസായി അടച്ച തുകയും അടച്ച രീതിയും | നിരീക്ഷണങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | നീളം | വീതി | ഡ്രാഫ്റ്റ് | ഇനം | എൻജിന്റെ നിർമ്മിതിയും കുതിരശക്തിയും | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| | | | | | | | | | | |

അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ്

ഫോറം 5
(ചട്ടം 10 കാണുക)

**രജിസ്റ്റർ ചെയ്യപ്പെട്ട മത്സ്യബന്ധനയാനത്തിന്റെ ഉടമ വാർഷികാദായ വിവരം സമർപ്പിക്കുവാനുള്ള ഫോറം**

(. . . . . . . . . . .വർഷത്തേക്ക്)

1. അപേക്ഷകന്റെ പേരും വിലാസവും (ഫോൺ നമ്പർ സഹിതം) :
2. മത്സ്യബന്ധനയാനത്തിന്റെ വിശദാംശങ്ങൾ
   രജിസ്ട്രേഷൻ നമ്പരും തീയതിയും :
   ലൈസൻസ് നമ്പറും തീയതിയും :
   മത്സ്യബന്ധന രീതി :
   ഒരു മത്സ്യബന്ധനട്രിപ്പിന് എടുക്കുന്ന ദിവസങ്ങൾ :
   തൊഴിലാളികളുടെ എണ്ണം :
3. ഓരോ മാസവും പിടിക്കപ്പെടുന്ന മത്സ്യത്തിന്റെ ഇനവും തൂക്കവും :
   (ആവശ്യമെങ്കിൽ കൂടുതൽ ഷീറ്റുകൾ ചേർക്കണം)
4. പിടിച്ചുവിറ്റ മത്സ്യത്തിന്റെ വാർഷികാദായം :
   (ആവശ്യമെങ്കിൽ കൂടുതൽ ഷീറ്റുകൾ ചേർക്കണം)

സ്ഥലം:
തീയ്യതി: അപേക്ഷകന്റെ ഒപ്പ്

---

കാര്യാലയ ഉപയോഗം

അന്വേഷണ വിവരം

സ്ഥലം:
തീയ്യതി: അന്വേഷണ ഉദ്യോഗസ്ഥന്റെ പേരും സ്ഥാനപ്പേരും

സമർപ്പണം നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണം

സ്ഥലം:
തീയ്യതി: അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും സ്ഥാനപ്പേരും

ഫോറം 3
(ചട്ടം 8 (1) കാണുക)

**മത്സ്യബന്ധനയാനത്തിന്റെ ലൈസൻസിന്റെ സാക്ഷ്യപത്രം**

1. യാനത്തിന്റെ പേര് :
2. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ നമ്പരും തീയ്യതിയും :
3. ലൈസൻസിന്റെ നമ്പരും തീയ്യതിയും :
4. ലൈസൻസിന്റെ കാലാവധി :
5. ലൈസൻസ് നൽകപ്പെട്ട വ്യക്തികളുടെ പേരും വിലാസവും :
6. ലൈസൻസ് ലഭിച്ച മത്സ്യബന്ധന യാനത്തിന്റെ വിശദാംശങ്ങൾ :
   (a) നീളം (മീറ്റർ)
   (b) വീതി (മീറ്റർ)
   (c) ഡ്രാഫ്റ്റ് (മീറ്റർ)
7. യാനത്തിന്റെ ഇനം :
8. വള്ളം നിർമ്മിക്കാൻ ഉപയോഗിച്ച വസ്തു :
9. എൻജിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ബ്രാൻഡ് പേര് | എൻജിൻ നമ്പർ | നിർമ്മിച്ച വർഷം | കുതിരശക്തി |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

10. ലൈസൻസുള്ള മത്സ്യബന്ധന ഉപകരണം :
11. അടിസ്ഥാന പ്രവർത്തനംഏത് സ്ഥലത്ത് :
12. ലൈസൻസ് നൽകപ്പെട്ട നിശ്ചിതമേഖല : KMFRനിയമത്തിൽ പരാമർശിച്ചപ്രകാരം
13. മത്സ്യബന്ധന തൊഴിലാളികളുടെ എണ്ണം :
14. നാവിക ഉപകരണങ്ങളുടെ വിശദാംശങ്ങൾ (അനുയോജ്യമായത് (  ) അടയാളപ്പെടുത്തുക) : ജി.പി.എസ്/എക്കോസൗണ്ടർ/ വി.എച്ച്.എഫ് /മറൈൻറേഡിയോ/ സിഗ്നൽ ലൈറ്റ്/കൊടി /NAVIC/ AIS/SART/റഡാർ പ്രതിഫലനം
15. ജീവൻ രക്ഷാഉപകരണങ്ങളുടെ വിശദാംശങ്ങൾ : ലൈഫ്ജാക്കറ്റ്/ലൈഫ്ബോയ്/ റേഡിയോ ബീക്കൺ

സ്ഥലം :
തീയ്യതി : അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ്

(മുദ്ര)

**ലൈസൻസ് നിബന്ധനകൾ**

1. 1980ലെ (1981ലെ 10) കേരള സമുദ്രമത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾക്കും അതിന്റെ കീഴിൽ ഇറക്കിയ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായിട്ടാണ് ഈ ലൈസൻസ് അനുവദിച്ചിരിക്കുന്നത്.
2. ഈ മത്സ്യബന്ധനയാനത്തിന്റെ പ്രവർത്തനപരിധി ലൈസൻസ് നൽകപ്പെട്ട പ്രത്യേക സമുദ്രഭാഗത്ത് മാത്രമായിരിക്കും.
3. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഈ യാനത്തിന്റെ ലേഔട്ട്, രൂപകല്പന, ക്ഷമത എന്നിവയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്താൻ പാടുള്ളൂ.
4. മത്സ്യബന്ധനോപകരണത്തിൽ ഏതെങ്കിലും മാറ്റം വരുത്തണമെങ്കിൽ അധികാരപ്പെട്ട ഉദ്യോ ഗസ്ഥന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം.
5. അധികാരപ്പെട്ട ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ ഈ മത്സ്യ ബന്ധനയാനത്തിന്റെ പരിശോധനയ്ക്കായി കടലിലോ തീരത്തോ വച്ചോ പ്രവേശിക്കുവാൻ അധികാരമുണ്ടായിരിക്കും.
6. ലൈസൻസ് അനുവദിച്ചതിനുള്ള നിബന്ധനകളോ, കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം, 1980 പ്രകാരമുള്ള വ്യവസ്ഥകളോ, ചട്ടങ്ങളോ, ഉത്തരവുകളോ, അനുസരിക്കുന്ന തിൽ പൂർണ്ണമായോ ഭാഗികമായോ വീഴ്ചവരുത്തിയാൽ ലൈസൻസ് റദ്ദുചെയ്യുന്നതിനോ, തടഞ്ഞുവയ്ക്കുന്നതിനോ, നിരതദ്രവ്യമായി എന്തെങ്കിലും നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അതു നഷ്ട പ്പെടുന്നതിനും കാരണമാകും.
7. അവശ്യവസ്തുതകളുടെ വസ്തുതാവിരുദ്ധമായ അവതരണം വഴിയാണ് ലൈസൻസ് കിട്ടി യതെങ്കിൽ, ആ ലൈസൻസ് റദ്ദുചെയ്യപ്പെടുകയോ, തടഞ്ഞുവയ്ക്കപ്പെടുകയോ ചെയ്യും.


Shri Adi Narayana Reddy
Hon'ble Minister for Fisheries, Andhra Pradesh
Shri Mahadev Jagannath Jankar
Hon'ble Minister for Fisheries, Maharashtra
Shri Pinarayi Vijayan
Hon'ble Chief Minister of Kerala
Smt. J. Mercykutty Amma
Hon'ble Minister for Fisheries, Kerala
Shri Malladi Krish
Hon'ble Minister for Fisheries


GOVERNMENT OF KERALA
auguration:
Shri Pinarayi Vi
Hon'ble Chief Minister o
Chairpe
Smt. J. M
ma
കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടം 2018
CMFRI



Published by
Director, CMFRI, Kochi 682018

Prepared by
ICAR - CMFRI, Kochi, under the research project (SEE/GOV/34) of SEETTD
jointly with Kerala State Department of Fisheries